തൃശ്ശൂർ ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നൽകിവരുന്ന ചികിത്സാനുകൂല്യങ്ങൾ

6 [2986] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) 2001 മുതൽ കഴിഞ്ഞ നാലു വർഷമായി എത്ര തുക വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ ട്രഷറി നിയന്ത്രണംമൂലം കാലതാമസം നേരിടുന്നുണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നൽകിവരുന്ന ചികിത്സാ ആനുകൂല്യങ്ങളും വിദ്യാഭ്യാസ ആനുകൂല്യങ്ങളും, ട്രഷറി നിയന്ത്രണംമൂലം കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2005 ജനുവരി മുതൽ ജൂൺ 30 വരെ എത്ര ദിവസങ്ങളിൽ പട്ടികജാതി ജില്ലാ ഓഫീസർ നൽകിയിട്ടുള്ള ചെക്കുകളും ജില്ലാ ഓഫീസർക്കുള്ള ചെക്കുകളും ട്രഷറി നിയന്ത്രണംമൂലം മാറാൻ കഴിയാതിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് തലങ്ങളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും 10 മാസത്തെ പ്രതിമാസ സ്റ്റൈപെന്റും നൽകിവരുന്നു. കൂടാതെ പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസുകളും, അംഗീകൃത ഹോസ്റ്റലിലോ, സ്ഥാപനം വക ഹോസ്റ്റലിലോ താമസിക്കുന്നവർക്ക് സ്റ്റൈപെന്റിനു പകരം യഥാർത്ഥ ഹോസ്റ്റൽ ചെലവും പോക്കറ്റ് മണിയും അനുവദിച്ചു നൽകുന്നുണ്ട്. ഇതിനുപുറമെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ഡ്രോയിംഗ് ഇൻസ്ട്രുമെന്റ്സ്, കാൽക്കുലേറ്റർ, ഷൂസ് എന്നിവ വാങ്ങുന്നതിനും പ്രോജക്ട് അലവൻസിനും ധനസഹായം നൽകുന്നുണ്ട്. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ഡെവലപ്മെന്റ് സ്കീം പ്രകാരവും അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരവും തെരഞ്ഞെടുക്കപ്പെട്ട മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ആനുകൂല്യം അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്കായി ചെലവഴിച്ച തുക അനുബന്ധം (1)-ലും† പട്ടികവർഗ്ഗ വിദ്യാർത്ഥികളുടേത് അനുബന്ധം (2)-ലും‡ ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. ഇപ്പോൾ ട്രഷറി നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 28-4-2005 (ഒരു ദിവസം) ശ്രീചിത്രാ മെഡിക്കൽ സെന്ററിന് നൽകിയ 25,000 രൂപയുടെ ചെക്ക് ട്രഷറി മടക്കുകയുണ്ടായി. തുക പിന്നീട് മാറി നൽകിയിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ആഫീസർക്കുള്ള ചെക്കുകൾ ഒന്നും ട്രഷറി നിയന്ത്രണംമൂലം മാറാൻ കഴിയാതിരുന്നിട്ടില്ല.

കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിൽ നടത്തുന്ന ജനറൽ നഴ്സിംഗ് സ്കൂളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം

7 [2987] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിൽ നടത്തുന്ന ജനറൽ നഴ്സിംഗ് സ്കൂളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ഹോസ്റ്റൽ ഫീസും മറ്റും അനുവദിച്ചു നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികജാതിക്കാരിയായ ഒരു വിദ്യാർത്ഥിനിയുടെ രക്ഷാകർത്താവ് വിദ്യാർത്ഥിനിക്ക് ഹോസ്റ്റൽ ഫീസുകൾ അനുവദിച്ചു നൽകണമെന്നു ചൂണ്ടിക്കാണിച്ച് പട്ടികജാതി വികസന ഡയറക്ടർക്ക് പരാതി നൽകിയ തീയതി വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ഒരു വർഷക്കാലമായി ഒരു തീരുമാനമെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; അടിയന്തിരമായി ഹോസ്റ്റൽ ഫീസും മറ്റാനുകൂല്യങ്ങളും അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 19-8-2002-ലെ സ.ഉ. നമ്പർ 518/02/പജാ.പവ.വിവ. പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു നൽകിവരുന്നുണ്ട്. എന്നാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിൽ നടത്തുന്ന ജനറൽ നഴ്സിംഗ് സ്കൂളിൽ പട്ടികവർഗ്ഗവിദ്യാർത്ഥികളാരുംതന്നെ പഠിക്കാത്തതിനാൽ അനുവദിച്ചു നൽകിയിട്ടില്ല. ഹോസ്റ്റൽ ഫീസും മറ്റും ഇപ്പോൾ നൽകിവരുന്നില്ല.

(ബി) 20-2-2004.

(സി) നടപടി സ്വീകരിച്ചുവരികയാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

‡ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly